സഹകരണസംഘങ്ങൾ

*൩൪൭. (൨൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി എന്നീ വിഭാഗങ്ങളിൽ യഥാക്രമം എത്ര സഹകരണസംഘങ്ങൾ പ്രവർത്തനം ചെയ്യുന്നുണ്ട്;

(ബി) ൧൯൪൯, ൧൯൫൦ എന്നീ കൊല്ലങ്ങളിൽ എത്ര സംഘങ്ങൾ സമാപ്തീകരിക്കുകയുണ്ടായി;

(സി) ഏതെല്ലാം സംഘങ്ങളുടെ പ്രവർത്തകന്മാരുടെ പേരിൽ അഴിമതി കുറ്റത്തിനു് ശിക്ഷണനടപടി എടുത്തിട്ടുണ്ട്;

(ഡി) പല സംഘങ്ങളും ക്രമക്കേടായി നടക്കുന്നുണ്ടെന്നുള്ള സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) തിരുവിതാംകൂറിൽ ൧൯൪൯ കൊച്ചിയിൽ ൧൯൪൯.

(ബി) തിരുവിതാംകൂറിൽ ൧൯൪൯-ൽ ൨൯൦, ൧൯൫൦-ൽ ൨൫൦.
കൊച്ചിയിൽ ൧൯൪൯-ൽ ൧൭൦, ൧൯൫൦-ൽ ൭൦.

(സി) തൃശ്ശിവപേരൂർ താലൂക്കിൽ ൪൭൪-൦൦നമ്പർ, നെയ്യാറ്റിൻകരയിൽ ൨൯൭൭-൦൦നമ്പർ, പറവൂരിൽ ൨൯൭൮-൦൦ നമ്പർ. ഈ സംഘങ്ങളുടെ പ്രവർത്തകന്മാരുടെ പേരിൽ ശിക്ഷണനടപടി എടുത്തിട്ടുണ്ട്.

(ഡി) ചില സംഘങ്ങൾ ക്രമക്കേടായി നടന്നുവരുന്നുണ്ടെന്നുള്ളതു് ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

ശ്രീ. പി. കെ. ഡിവർ: കൊച്ചിയിലുള്ള എക്സ് സർവ്വീസ്മെൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ക്രമക്കേടുകളെപ്പറ്റി രജിസ്ട്രാറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി പരാതികൾ കിട്ടിയിട്ടുണ്ട്. രജിസ്ട്രാറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ആരെയെങ്കിലും പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ടാൻസ്പോർട്ട് വകുപ്പ്

*൩൪൮. (൨൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൯൪൯, ൧൯൫൦ എന്നീ വർഷങ്ങളിൽ യഥാക്രമം ടാൻസ്പോർട്ട് വകുപ്പിൽനിന്നും എത്ര ലാഭം ഉണ്ടായി;

(ബി) ഈ ഓരോ കൊല്ലവും ഈ വകുപ്പിലെ ജീവനക്കാർക്ക് എത്ര ബോണസ്സാണ് കൊടുത്തത്;

(സി) കണക്ക് ഓരോ കൊല്ലവും ആഡിറ്റു ചെയ്യുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മുഴവൻ കണക്കുകളും തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. കണക്കുകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞതിനുശേഷമേ ബോണസ്സ് കൊടുക്കുകയുള്ളൂ. കണക്കുകൾ ഉടനെതന്നെ തിട്ടപ്പെടുത്തും.

ശ്രീ. അലക്സാണ്ടർ വാകയിൽ: കണക്കുകൾ തിട്ടപ്പെടുത്താൻ എന്താണിത്ര താമസമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണക്കുകൾ പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഒരു ഓഡിറ്റുകൂടി ചെയ്യേണ്ടതുണ്ട്. അതുകൂടി കഴിഞ്ഞാലേ ബോണസ് കൊടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഓഡിറ്റിംഗ് എന്നു നടക്കും.

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ താമസംകൂടാതെതന്നെ ഓഡിറ്റിംഗ് പൂർത്തിയാകും.

ശ്രീ. ഇട്ടീര അയ്യക്കൻ: ഓഡിറ്റു ചെയ്യാത്ത കണക്കുകൾ അനുസരിച്ചാണോ ബഡ്ഡറ്റിൽ ലാഭം കൊള്ളിച്ചിട്ടുള്ളതു്.

Sri. T. K. Narayana Pillai: That is a matter of inference.

ശ്രീ. അലക്സാണ്ടർ വാകയിൽ: മേലാൽ ഇങ്ങനെതാമസം കണക്കു തിട്ടപ്പെടുത്തി ഓഡിറ്റുചെയ്യാൻ എപ്പോൾ ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോഴും അതിലേക്കു എപ്പോൾകൂടും ഉണ്ടു്. ഒരു നിലക്കു് ഈ ചോദ്യത്തിനുതന്നെ വലിയ സാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ കുറച്ചു താമസം വന്നുപോയി എന്നുമാത്രമേയുള്ളൂ.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര മാസത്തെ താമസം ഈ കാര്യത്തിൽ കൂടുതലായി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

കമ്പളശ്ശി–എഴുപുന്ന റോഡു്

* ൩൪൯. (൨൩) ശ്രീ അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ—

(എ) കമ്പളശ്ശി എഴുപുന്ന റോഡുപണിക്കു് എത്ര സംഖ്യയാണു് എസ്റ്റിമേറ്റു ചെയ്തിട്ടുള്ളതു്.

(ബി) ഇതിൽ എത്ര സംഖ്യ ചിലവാക്കി; പണി എത്രകണ്ടു പുരോഗമിച്ചു;

(സി) ൻ ൦ സെൻറ സ്ഥലം പൊതുജനങ്ങൾക്കു യാതൊരു പ്രതിഫലവും കൂടാതെ ഗവൺമെണ്ടിലേക്കു വിട്ടുകൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪൩,൦൦൦ രൂപാ.

(ബി) ഇതുവരെ ൨൭,൩൯൫ രൂപാ ചെലവാക്കിയിട്ടുണ്ടു്. ൨ മൈൽ ൩൫ ഫർലോംഗ് റോഡു പണി പൂർത്തിയാക്കിയിട്ടുണ്ടു്.

(സി) റോഡിനുവേണ്ട സ്ഥലം പ്രതിഫലംകൂടാതെ തരുന്നതിനു കക്ഷികളിൽനിന്നും രേഖാമൂലമുള്ള സമ്മതം കിട്ടിയിട്ടുണ്ടു്. സ്ഥലം ഇതുവരെ വിട്ടുകിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly